DGM (TL) For further steps 24/08/17

K.B. JAYAKUMAR MANAGING DIRECTOR

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾക്ക് സിഡ്കോ വഴി ബിറ്റുമിൻ വാങ്ങുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.2906/2017/തസ്വഭവ          തിരുവനന്തപുരം, തീയതി, 23.08.2017

വായന :- 1) 16.04.2010-ലെ സ.ഉ(സാധാ) 1320/2010/തസ്വഭവ നം. ഉത്തരവ്.
2) 8/11/16-ലെ സ.ഉ(സാധാ) 3049/2016/തസ്വഭ നം. ഉത്തരവ്.
3) 10.02.2017-ലെ 75/ഡി.എ 1/2017/തസ്വഭവ നം. സർക്കുലർ
4) 01/03/17-ലെ സ.ഉ(സാധാ) 564/2017/തസ്വഭവ നം. ഉത്തരവ്.
5) സിഡ്കോ ചെയർമാന്റെ 19.04.17 ലെ കത്ത്
6) HPCL ഡെപ്യൂട്ടി ജനറൽ മാനേജറുടെ 05.06.2017-ലെ കത്ത്
7) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 12.07.2017-ലെ തീരുമാനം നമ്പർ 3.20.
8) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08.08.17 ലെ ഡി.ബി6/ 6665/ 2017/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്ത്

## ഉത്തരവ്

മുകളിൽ ഒന്നാമത് വായിച്ച ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ബിറ്റുമിൻ സിഡ്കോ മുഖേനയും വാങ്ങി നൽകുന്നതിന് അനുമതി നൽകിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടാർ വാങ്ങി നല്കുന്നതിനുള്ള പ്രവൃത്തിയുടെ അടങ്കൽ തുക 15 ലക്ഷം രൂപയിൽ നിന്നും 30 ലക്ഷമാക്കി ഉയർത്തുകയും, കരാറുകാർ ടാർ വാങ്ങുകയാണെങ്കിൽ ഒറിജിനൽ ബിൽ കർശനമായി സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുമുണ്ടായിരുന്നു.

2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സിഡ്കോ വഴി ബിറ്റുമിൻ വാങ്ങാൻ മുകളിൽ മൂന്നാമത് വായിച്ച സർക്കുലർ പ്രകാരം സാധിക്കാത്ത സാഹചര്യമാണെന്നും മുൻ കാലങ്ങളിലെ പോലെ സിഡ്കോ വഴി ബിറ്റുമിൻ വാങ്ങുന്നതിനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്നും മുകളിൽ അഞ്ചാമതായി വായിച്ച കത്ത് പ്രകാരം സിഡ്കോ ചെയർമാൻ അഭ്യർത്ഥിച്ചിരുന്നു.

3) കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും/കരാറുകാർക്കും ബിറ്റുമിൻ വിതരണം

ചെയ്യുന്നതിനുള്ള അംഗീകൃത വിതരണക്കാരായി സിഡ്കോയെ അംഗീകരിച്ച സാഹചര്യത്തിൽ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും/കരാറുകാർക്കും ആവശ്യമായ ബിറ്റുമിൻ സിഡ്കോ മുഖേന വിതരണം ചെയ്യുന്നതിന് മുകളിൽ ആറാമതായി വായിച്ച കത്ത് പ്രകാരം എച്ച്.പി.സി.എൽ. സന്നദ്ധത അറിയിച്ചിട്ടുണ്ട്.

4) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പണികൾക്ക് സിഡ്കോ വഴി ബിറ്റുമിൻ വാങ്ങുന്നതിന് അനുമതി നൽകണമെന്ന സിഡ്കോ ചെയർമാന്റെ ആവശ്യം മുകളിൽ ഏഴാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി യോഗം പരിഗണിക്കുകയും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജരുടെ വായന ആറിലെ കത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകാനും ട്രാൻസ്പോർട്ടേഷൻ ചാർജ്, ലോഡിംഗ് ചാർജ് മറ്റ് നിബന്ധനകൾ തുടങ്ങിയവ വകുപ്പ് തലത്തിൽ നിശ്ചയിക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗ തീരുമാനപ്രകാരമുള്ള നിബന്ധനകൾ സഹിതം മുകളിൽ എട്ടാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വ്യവസ്ഥകളോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ബിറ്റുമിൻ സിഡ്കോ മുഖേന വാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ബിറ്റുമിൻ എണ്ണക്കമ്പനികളിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്. നിലവിലെ ഡി.എസ്.ആർ.ഷെഡ്യൂൾ പ്രകാരം ബിറ്റുമിനും അംഗീകൃത കൺവേയൻസ് നിരക്കുള്ളതാണ്. ബിറ്റുമിൻ ലഭ്യമാകുന്ന അംഗീകൃത റിഫൈനറിയിൽ നിന്നും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്കും മേൽ നിരക്കിൽ അധികരിക്കാത്ത ചാർജ് (ട്രാൻസ്പോർട്ടേഷൻ + അൺലോഡിംഗ് + സ്റ്റാക്കിംഗ്) സിഡ്കോയ്ക്ക് അനുവദിക്കാവുന്നതാണ്. മേൽ ആവശ്യത്തിലേക്കായി സിഡ്കോ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്കുമുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ് നേരത്തെ നിശ്ചയിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതാണ്.

ii) ബിറ്റുമിൻ അനുവദിക്കുന്ന സമയത്തുള്ള നിരക്കിൽ ലോഡിംഗ് ചാർജ് ഉൾപ്പെട്ടിട്ടുള്ളതിനാൽ ലോഡിംഗ് ചാർജ് പ്രത്യേകം അനുവദിക്കില്ല.

iii) ഡി.എസ്.ആർ.പ്രകാരം മേൽ സൂചിത ബിറ്റുമിൻ കൺവേയൻസ് നിരക്കിൽ അൺലോഡിംഗ് & സ്റ്റാക്കിംഗ് ചാർജുകൾ ഉൾപ്പെട്ടിട്ടുള്ളതാണ്.

iv) ബിറ്റുമിന്റെ യഥേഷ്ട ലഭ്യതയും വിതരണത്തിലെ സമയക്ളിപ്തതയും ഉറപ്പുവരുത്തുന്നതിന് സിഡ്കോ എറണാകുളത്ത് ഒരു കേന്ദ്രീകൃത സംവിധാനം ഉണ്ടാക്കേണ്ടതാണ്.

പൊതുമേഖലാ എണ്ണകമ്പനികൾ നൽകുന്ന അതേ വിലയിൽ സിഡ്കോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ബിറ്റുമിൻ വിതരണം ചെയ്യേണ്ടതാണ്. സിഡ്കോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ലഭ്യമാക്കുന്ന ബില്ലിൽ എണ്ണ കമ്പനി സിഡ്കോയ്ക്ക് നൽകുന്ന ഒറിജിനൽ ബില്ലിന്റെ റഫറൻസ് കൂടി രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സിഡ്കോ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും }
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും }
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം }
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസന കമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

(ഒപ്പ്)
സെക്ഷൻ ഓഫീസർ